The Cochin Nambudiri Bill

Mr. C. A. Kunjunni Raja *(Advocate-General):* Sir, I move that the Cochin Nambudiri Bill be taken up and passed *(Appendix).*

Mr. K. P. Kannan Nayar *(Secretary to Government):* I second it.

The motion was put and carried.

The Cochin Civil Disabilities Removal Bill

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: മിസ്റ്റർ പ്രസിഡണ്ട്, സർ, കൊച്ചിപൌരാവശത നിവാരണ ബിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഈ നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദത്തെ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതു് ആദ്യം ഇവിടെ അവതരിപ്പിച്ച അവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഹിന്ദുസമുദായത്തിലെ ചില വിഭാഗങ്ങളുടെ പൌരാവകാശ സംബന്ധമായ അവശതകളെ ദൂരീകരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഇതു ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു". അന്നു ഇപ്രകാരം ഒരു ബില്ലിന്റെ ആവശ്യകതയേയും, ഇതുകൊണ്ടു ദൂരീകരിക്കപ്പെടുവാൻ ഉദ്ദേശിക്കുന്ന അവശതകൾമൂലം ചില സമുദായങ്ങൾക്കു എത്രമാത്രം അഭിമാനഭംഗവും ജീവിതത്തിൽ അസൌകര്യങ്ങളും ഉണ്ടാകുന്നുവെന്നതിനേയും ഞാൻ വിശദീകരിക്കുകയുണ്ടായി. സെലക്ട് കമ്മിറ്റിയിൽ ചില ഭേദഗതികൾ ചെയ്തിട്ടുള്ളതു ഈ സഭയിലെ എല്ലാ അംഗങ്ങളും മനസ്സിലാക്കീട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. സമുദായത്തിൽപെട്ട എല്ലാവ്യക്തികൾക്കും എല്ലാവിഭാഗക്കാർക്കും പൌരാവകാശസ്വാതന്ത്ര്യം അനുവദിക്കണമെന്നും അതുമൂലമല്ലാതെ വാസ്തവത്തിൽ ഏകീകൃതമായ ഒരു ജനതയെ നമുക്കു ഇവിടെ കാണുവാൻ സാധിക്കയില്ലെന്നുമുള്ള കാഴ്ച്ചയാതൊരു പ്രതിഷേധാഭാസവും കൂടാതെ അംഗീകൃതമായിട്ടുള്ള ഒരു തത്വമാകുന്നു (ഹിയർ, ഹിയർ). അതുകൊണ്ടു ഈ ബില്ലിൽ അന്തർവിച്ചിരിക്കുന്ന തത്വത്തോടു വാസ്തവത്തിൽ ഒരു കൊച്ചീക്കാരനും എതിരുണ്ടായിരിക്കുമെന്നു എനിക്കു ഉൽഘോഷിക്കുവാൻ നിവൃത്തിയില്ല. മദ്രാസ്സ് സംസ്ഥാനത്തിൽ ഈ ബില്ലിനോടു താരതമ്യം വഹിക്കുന്ന ഒരു ബിൽ നിയമമാക്കുകയും അതിന്റെ ഫലങ്ങൾ അവിടെ അനുഭവിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. ബോംബെയിലും പൌരാവശതാ നിവാരണത്തിനു് ഒരു ബിൽ അവിടത്തെ നിയമസഭയുടെ ആലോചനയിൽ ഇരിക്കുകയാണു്. അങ്ങിനെ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും സാമൂഹ്യമായ പല വലിയ പരിവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ പ്രത്യേകിച്ചു സാമുദായികമായ അവശതകളും മറ്റും കൂടുതൽ ഉള്ള കൊച്ചീരാജ്യത്തു് ഈ ബില്ലിന്റെ ആവശ്യകതയുണ്ടെന്നു് എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി കൂടിയിരുന്ന അവസരത്തിൽ ഇതിനെ സംബന്ധിച്ചു ചില അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങൾക്കുണ്ടായതു് ഇതിന്റെ ചില ന്യൂനതകളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ഞങ്ങൾക്കു കേൾക്കുവാൻ സംഗതിയായി. ആ വിവരങ്ങൾ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ എം. കെ. കേശവപിള്ളയുടെ വ്യത്യസ്തമിനിട്ടിൽനിന്നും ഈ നിയമസഭാസാമാ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly